
# പത്രങ്ങൾ 'പത്ര'ത്തിനെതിരേ

പത്രപ്രവർത്തകനായിരുന്ന രൺജി പണിക്കർ തിരക്കഥയെഴുതി ജോഷി സംവിധാനം ചെയ്ത് പുറത്തിറങ്ങുന്ന ചിത്രമാണ് പത്രം. ഫെബ്രുവരി 20-നു 'പത്രം' തീയേറ്ററുകളിൽ റിലീസ് ചെയ്തു. പക്ഷേ, സാധാരണ സിനിമകൾ റിലീസ് ചെയ്യുമ്പോൾ റിലീസിംഗ് തിയതിയിലും അതിന് മുമ്പുള്ള ഒന്നു രണ്ടാഴ്ചകൾക്കിടയിലുമായി 'വരുന്നു' 'ഇന്നുമുതൽ' തുടങ്ങിയ അറിയിപ്പുകളോടെ പത്രങ്ങളിൽ പരസ്യം വരാറുണ്ടല്ലോ. കഴിഞ്ഞ പത്തു മുപ്പതു വർഷങ്ങൾക്കുള്ളിൽ താരതമ്യേന ഭേദപ്പെട്ട താരങ്ങളും സാങ്കേതിക വിദഗ്ധരും അണിനിരക്കുന്ന ഒരൊറ്റ സിനിമ പോലും പത്രപരസ്യം കൂടാതെ ഇറങ്ങിയിട്ടില്ല. പക്ഷെ, 'പത്രം' എന്ന സിനിമയുടെ കാര്യത്തിൽ അതു സംഭവച്ചിരിക്കുന്നു.




സുരേഷ്ഗോപി, മഞ്ജു വാര്യർ എന്നിവർ നയിക്കുന്ന ബിഗ് ബജറ്റ് താരനിരയും ജോഷി എന്ന ബിഗ് ബജറ്റ് സംവിധായകനും രൺജിപണിക്കർ എന്ന ബിഗ് ബജറ്റ് കഥാകൃത്തും ഒരുമിക്കുന്ന സെവൻ ആർട് ഫിലിംസ് എന്ന വമ്പൻ ബാനറിന്റെ ഈ ചിത്രം ഒരു ബിഗ്ബജറ്റ് ചിത്രമാണ്. അതായത്, കയ്യിൽ കാശില്ലാത്തതുകൊണ്ട് പരസ്യം വേണ്ടെന്നു വെച്ചതല്ല എന്നർഥം. പിന്നെ എന്താണു സംഭവിച്ചത്?

മുമ്പൊരു പത്രപ്രവർത്തകനായിരുന്നു ഈ സിനിമയുടെ തിരക്കഥാകൃത്തായ രഞ്ജിപണിക്കർ. മനോരമയും മാതൃഭൂമിയും അവരവരുടെ പ്രചാരം കൂട്ടാൻ വേണ്ടി മുമ്പു കളിച്ച ചില കളികൾ ഈ സിനിമയിലുൾപ്പെടുത്തി വെളിച്ചത്താക്കാൻ രൺജിപണിക്കർ ശ്രമിച്ചു. സംഗതി മണത്തറിഞ്ഞ കുത്തകപത്രങ്ങൾ 'പത്രം' ചിത്രത്തിനെതിരായി. പത്രപ്രവർത്തകരുടെയും പത്രമുതലാളികളുടെയും സംഘടനകളിൽ ശക്തമായ സ്വാധീനമുള്ള 'മനോരമ പത്രം' ഈ സിനിമ പത്രസ്ഥാപനങ്ങളെ മൊത്തത്തിൽ അവഹേളിക്കുന്നു എന്ന് പ്രചരിപ്പിക്കുകയും അധികാര സ്ഥാനത്തുള്ള ചിലർ വഴി സിനിമക്ക് സെൻസർ സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കാനായി ചരടുവലികൾ നടത്തുകയും ചെയ്തുവത്രെ ! അങ്ങിനെ പത്രങ്ങളെ മൊത്തം 'പത്ര'ത്തിനെതിരാക്കാൻ അവർക്കു കഴിഞ്ഞു.

മലയാളത്തിൽ മറ്റൊരു ചിത്രത്തിന്റെയും കാര്യത്തിൽ സംഭവിച്ചിട്ടില്ലാത്തത്ര നീണ്ട സമയം സെൻസർ ബോർഡിനു മുമ്പിൽ കെട്ടിക്കിടക്കേണ്ടി വന്നു 'പത്ര'ത്തിന്. സർട്ടിഫിക്കറ്റ് ലഭിക്കാനായി ചില ഭാഗങ്ങൾ മുറിച്ചുകളയേണ്ടിയും വന്നു.

അങ്ങിനെയാണ് 'പത്രവും' പത്രങ്ങളും തമ്മിലുള്ള ഒളിപ്പോര് നടന്നത്. 'പത്രം' സിനിമ ഇറങ്ങിയതായി പത്രങ്ങളിൽ പരസ്യം വരാഞ്ഞത് എന്തുകൊണ്ടാണെന്ന് ഇപ്പോൾ മനസിലായല്ലോ.

–ചിത്രൻ